ഉത്തരം

(എ) പണിയാൻ പരിപാടിയുണ്ട്.

(ബി) സ്ഥലം പൊന്നുംവിലയ്ക്കെടുത്തു ചുറ്റുമുള്ള വേലിയിട്ടു കഴിഞ്ഞു.

(സി) ഏഴാം പദ്ധതിക്കാലത്ത് പണി പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നു.

വൈദ്യുതി ബോർഡിനു വേണ്ടി നിർമ്മിക്കുന്ന കോൺക്രീറ്റ് കാലുകൾ

217. [269] ശ്രീ. വി. ജെ. തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി ബോർഡിന്റെ ആവശ്യത്തിനുള്ള കോൺക്രീറ്റു കാലുകൾ നിർമ്മിക്കുന്നതിന് സ്വകാര്യ എഞ്ജൻസികളെ ചുമതലപ്പെടുത്തിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എത്ര എഞ്ജൻസികളെ ;

(സി) ഒരു കോൺക്രീറ്റു കാലു നിർമ്മിക്കുന്നതിന് ബോർഡ് കൊടുക്കേണ്ട തുക എത്ര ?

ഉത്തരം

(എ) ഉണ്ട്.

(ബി) 12 എഞ്ജൻസികളെ പി. എസ്. സി. പോസ്റ്റുകൾ വാർക്കാൻ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതു കൂടാതെ ചില സ്ഥലങ്ങളിൽ ആർ. സി. സി. പോസ്റ്റുകൾ വാർക്കാനും കരാർ നൽകിയിട്ടുണ്ട്.

(സി) ഇലക്ട്രിക്കൽ സർക്കിൾ അടിസ്ഥാനത്തിൽ ടെൻഡറുകൾ വിളിച്ച് കരാർ ഉറപ്പിച്ചവയായതുകൊണ്ട് പോസ്റ്റ് വാർക്കേണ്ടതിന് കൊടുക്കേണ്ടതു പൊതുവായ ഒരു റേറ്റല്ല. വിവിധ ഇനങ്ങളിലുള്ള പോസ്റ്റുകൾ വാർക്കേണ്ടതിനു കരാറു പ്രകാരം കൊടുക്കേണ്ട ഏറ്റവും കൂടിയ തുകയും കുറഞ്ഞ തുകയും താഴെ ചേർക്കുന്നു.

പി. എസ്. സി. പോസ്റ്റുകൾ	കൂടിയതുക	കുറഞ്ഞ തുക
7 മീറ്റർ നീളമുള്ള പോസ്റ്റ്	132	117
8 മീറ്റർ ,,	130	106
9 മീറ്റർ ,,	169	127

അഴുതയാർ അണക്കെട്ടിന്റെയും ടണലിന്റെയും പണി

218. [270] ശ്രീ. കെ. കെ. തോമസ് : താഴെ കാണുന്ന ചോദ്യത്തിന് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പീരുമേടു നിയോജക മണ്ഡലത്തിലെ അഴുതയാർ അണക്കെട്ടിന്റെയും പെരിയാർ നദിയിലെക്കു വെള്ളം തിരിച്ചുവിടുന്നതിനുള്ള ടണലിന്റെയും പണി ആരംഭിക്കുന്നതിനു നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

അഴുതയാർ അണക്കെട്ടിന്റെയും പെരിയാർ നദിയിലേക്ക് (ഇടുക്കി ജലാശയത്തിലേക്ക്) വെള്ളം തിരിച്ചുവിടുന്നതിനുള്ള തുരങ്കത്തിന്റെയും പണികൾക്കുള്ള കരാർ ഉറപ്പിച്ചുകഴിഞ്ഞു. അണക്കെട്ടിന്റെയും തുരങ്കത്തിന്റെയും നിർമ്മാണപ്രവർത്തനങ്ങൾ ഉടൻതന്നെ ആരംഭിക്കുന്നതാണ്.

പാമ്പാടി സബ്സ്റ്റേഷന്റെ പണി

219. [271] ശ്രീ. ഉമ്മൻചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പമ്പാടി സബ്സ്റ്റേഷന്റെ പണി എപ്പോൾ പൂർത്തിയാക്കുവാനാണ് ഉദ്ദേശിക്കുന്നത് ;

(ബി) ഈ സബ്സ്റ്റേഷന്റെ പണി പൂർത്തിയാക്കുന്നതോടുകൂടി വോൾട്ടേജ് ഇംപ്രൂവുമെന്റിനു എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്നു വ്യക്തമാക്കാമോ ?

ഉത്തരം

(എ) പാമ്പാടി 66 കെ. വി. സബ്സ്റ്റേഷന്റെ പണി ഈ സാമ്പത്തിക വർഷത്തിൽ പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

(ബി) ഈ സബ്സ്റ്റേഷന്റെ പണി പൂർത്തിയാകുന്നതോടെ പാമ്പാടി അയർകുന്നം-മീനടം-കൂരോപ്പട എന്നീ സ്ഥലങ്ങളിൽ ലഭിക്കുന്ന വോൾട്ടേജ് മെച്ചപ്പെടുന്നതിനു നാല് 11 കെ. വി. ലൈനുകളും 9 ട്രാൻസ്ഫോർമറുകളും സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്.

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിൽ നിന്നും
പെൻഷൻ പറ്റിയ ജീവനക്കാർ

220. [273] ശ്രീ. കെ. മൂസ്സക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്കു വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1982 മേയ് 24 മുതൽ 1986 സെപ്റ്റംബർ 30 വരെ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിൽ നിന്നും എത്ര ജീവനക്കാർ പെൻഷൻ പറ്റി പിരിഞ്ഞിട്ടുണ്ടെന്നു വ്യക്തമാക്കുമോ ;

(ബി) എത്ര ഉദ്യോഗാർത്ഥികൾക്ക് ഈ കാലയളവിൽ പുതുതായി ബോർഡിൽ നിയമനം നൽകിയിട്ടുണ്ട് ;

(സി) എല്ലാ കാറ്റഗറികളിലുമായി നിലവിലുള്ള ഒഴിവ് എത്രയാണ്?

ഉത്തരം

(എ) 2198 ജീവനക്കാർ.

(ബി) 2008 ഉദ്യോഗാർത്ഥികൾക്ക്.

(സി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly